# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2608 06/12/2018 ൽ മറുപടിയ്ക്ക്

### കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ്

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കേരള സംസ്ഥാന സഹകരണ പരീക്ഷാ ബോർഡ് മുഖാന്തരം നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാം; വിശദീകരിക്കാമോ; | എ) | സഹകരണ നിയമം 80 (ബി) യിൽ പ്രതിപാദിച്ചിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ടു നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തികകളിലും ടൈപ്പിസ്റ്റ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകളിലേയ്ക്കും ബോർഡ് മുഖാന്തിരം എഴുത്ത് പരീക്ഷ നടത്തുന്നുണ്ട്. |
| ബി) | ഓരോ തസ്തികയിലും നിലവിലുള്ള ഒഴിവുകളും അവയിൽ നിയമനത്തിനായി സ്വീകരിച്ച നടപടികളും വിശദീകരിക്കാമോ; | ബി) | 2018 ൽ 3 വിജ്ഞാപനങ്ങളിലായി ആകെ 733 ഒഴിവുകളിലേയ്ക്ക് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 361 എണ്ണം പരീക്ഷാ നടപടികൾ പൂർത്തിയാക്കിയതും 372 എണ്ണം പരീക്ഷ നടത്തുവാനുള്ളതുമാണ്. |
| സി) | സഹകരണ പരീക്ഷാ ബോർഡിലേക്ക് റിപ്പോർട്ട് ചെയ്യാതെ ഒരു വർഷത്തിലധികമായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ അംഗീകാരം റദ്ദാക്കുമോ; | സി) | ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ റദ്ദാക്കുന്നതിന് സഹകരണ നിയമ പ്രകാരം വ്യവസ്ഥയില്ല. |
| ഡി) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സഹകരണ രജിസ്ട്രാർ 2018 ൽ ഇറക്കിയ സർക്കുലറിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | ഡി) | സഹകരണസംഘം രജിസ്ട്രാറിന്റെ 2018 ലെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഒഴിവുള്ള തസ്തികകളുടെ വിവരം ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ താൽക്കാലിക |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലോ/ ദിവസ വേതനാടി-സ്ഥാനത്തിലോ/കരാർ അടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചാൽ പ്രസ്തുത ജീവനക്കാരെ അടിയന്തിരമായി പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.